പ്രഭാത് പട്നായിക് കമ്മീഷൻ റിപ്പോർട്ട്

21(*111) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീമതി ശോഭനാ ജോർജ് :
ഡോ. എം. എ കുട്ടപ്പൻ :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നത വിദ്യാഭ്യാസത്തിന്റെ പുനഃസംഘടനയ്ക്കായുള്ള പ്രഭാത് പട്നായിക് കമ്മീഷന്റെ പ്രാഥമിക റിപ്പോർട്ടിൽ കേരളത്തിലെ വിദ്യാഭ്യാസ വ്യവസ്ഥയെയും അതിന്റെ നിലവാരത്തെയുംപ്പറ്റി പരാമർശമുള്ളതായി സർക്കാരിന് അറിയാമോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) ഇതിന്റെ വെളിച്ചത്തിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം വർദ്ധിപ്പിക്കുവാനും ഉന്നതവിദ്യാഭ്യാസ രംഗത്തെ ചലനാത്മകമാക്കുവാനും എന്തെല്ലാം പരിപാടി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) ;

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ

22(*112) ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. എം. എ. തോമസ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എ. കണാരൻ :
ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ നിലവിൽ വന്നതെന്നാണ് ;

(ബി) കോർപ്പറേഷൻ ഇതിനകം ഏറ്റെടുത്തിട്ടുള്ള ജോലികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ കോർപ്പറേഷന് ആവശ്യമായ പണം സമാഹരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ ;

(ഡി) സംസ്ഥാനത്തെ ഏതെല്ലാം റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണ പ്രവർത്തനങ്ങളാണ് ഈ കോർപ്പറേഷൻ ഇപ്പോൾ ഏറ്റെടുത്തിട്ടുള്ളതെന്ന് പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) 23-9-1999-ൽ.

(ബി) 12 റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ പണി ഏറ്റെടുക്കാൻ കോർപ്പറേഷനെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ഹഡ്കോയിൽ നിന്ന് 59.15 കോടി രൂപ വായ്പ എടുക്കുന്നതിന് സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ ഗ്യാരന്റിയോടെ കൂടുതൽ പണം സ്വരൂപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(ഡി) താഴെ പറയുന്ന 12 റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ പണി കോർപ്പറേഷൻ ഉടനെ ആരംഭിക്കുന്നതാണ്.

1. തൃപ്പൂണിത്തുറ - റിഫൈനറി
2. കൊരട്ടി
3. ചാലക്കുടി
4. കല്ലേറ്റിൻകര - ഇരിങ്ങാലക്കുട
5. മീഞ്ചന്ത
6. പന്നിയങ്കര
7. വെസ്റ്റ് ഹിൽ
8. വെങ്ങാലി
9. വെങ്ങളം
10. ചെങ്ങോട്ടുകാവ്
11. നന്ദി (കൊയിലാണ്ടി-തിക്കോടി)
12. മുഴുപ്പിലങ്ങാട് (ധർമ്മടം-ഇടക്കാട്)

ഇവ ഒരു വർഷത്തിനകം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ 9 റെയിൽവേ ഓവർ ബ്രിഡ്ജുകൾകൂടെ പണിയാൻ ഉദ്ദേശമുണ്ട്. കളമശ്ശേരി ഇരുമ്പനം റോഡ് അങ്കമാലിയിൽ നിന്ന് ആരംഭിച്ച് മരട് വരെ 4 വരി പാതയാക്കാൻ ഉദ്ദേശമുണ്ട്. ചേർത്തലയിൽ കോട്ടയത്തേയ്ക്ക് കുമരകം വഴി ഒരു പുതിയ റോഡ് പണിയുന്നതിന് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. കൊച്ചി മറൈൻ ഡ്രൈവിൽ നിന്ന് വരാപ്പുഴ പാലം വരെ ഒരു പുതിയ റോഡ് പണിയുന്നതിനെപ്പറ്റി പഠനം നടത്തിവരുന്നു. വൈറ്റില ഫ്ളൈ ഓവറിന്റെ നിർമ്മാണം ഏറ്റെടുക്കുന്നതാണ്. പണി ആരംഭിച്ച ശേഷം ഉദ്ദേശം രണ്ട് വർഷം കൊണ്ട് പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മറ്റു ചില നിർദ്ദേശങ്ങളും പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly